"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്- അച്ചൻകോവിൽ ഫോറസ്റ്റ് ഡിവിഷനിൽ നിന്നും ശ്രീ.ജി.വിശ്വനാഥൻ നായർ ലേലം കൊണ്ട തടികൾ സമയബന്ധിതമായി സ്ഥിരപ്പെടുത്താതിരുന്നതിനാൽ സർക്കാരിനുണ്ടായ നഷ്ടം ഈടാക്കുന്നതിനായി, സർക്കാരിനെതിരെയുള്ള കേസുകൾ പിൻവലിക്കാമെന്ന വ്യവസ്ഥയിൽ, പലിശത്തുക ഒഴിവാക്കി ബാക്കി പിഴത്തുക ഒടുക്കി കേസ് തീർപ്പാക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(സാധാ) നം.335/2023/F&WLD തീയതി,തിരുവനന്തപുരം, 31-08-2023

---

പരാമർശം:-

1. ശ്രീ.ജി. വിശ്വനാഥൻ നായർ 28/9/2021-ൽ ബഹു. വനം വന്യജീവി വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച നിവേദനം.
2. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്)-ന്റെ 01/03/2022 , 21/06/2023 എന്നീ തീയതികളിലെ പ്രൊ(5)-217187/2021 നമ്പർ കത്ത്.

**ഉത്തരവ്**

അച്ചൻകോവിൽ ഫോറസ്റ്റ് ഡിവിഷനിൽ നിന്നും 7/12/1994-ൽ ശ്രീ.വിശ്വനാഥൻ നായർ, ആര്യങ്കാവ്, കൊല്ലം എന്നയാൾ ലേലംകൊണ്ട തേക്കുമരങ്ങളും, കഴകളും സമയബന്ധിതമായി സ്ഥിരപ്പെടുത്താ തിരുന്നതിനാൽ സർക്കാരിന് നഷ്ടം സംഭവിക്കുകയും ടി പിഴത്തുക ടിയാൾ അടയ്ക്കാതിരുന്ന കാരണത്താൽ ടിയാൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുകയും ഇതിനെതിരെ ടിയാൾ കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ഉണ്ടായി. എന്നാൽ ടിയാൻ വിവിധ കോടതികളിൽ നടത്തികൊണ്ടിരിക്കുന്ന കേസുകൾ ഇനിയും മുന്നോട്ട് കൊണ്ടുപോകുവാൻ കഴിയില്ലെന്നും ശാരീരികവും മാനസികവുമായ പലവിധത്തിലുള്ള ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന 67 വയസ്സുള്ള ടിയാന് ബന്ധപ്പെട്ട കോടതി കേസ്സുകളുമായി മുന്നോട്ട് പോകുവാൻ താല്പര്യമില്ലെന്നും ആയതിനാൽ ശാരീരിക അവസ്ഥകളും, പ്രായവും, സാമ്പത്തിക ബാദ്ധ്യതകളും, മാനുഷികമായി പരിഗണിച്ചുകൊണ്ട് ടിയാൻ അടയ്ക്കാനുള്ള ആകെ സർക്കാർ നഷ്ടമായ 9,49,597/- രൂപയിൽ നിന്നും ബഹു.കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം , മുമ്പിനാലെ സർക്കാരിലേക്ക് അടച്ചിട്ടുള്ള 2,00,000/- രൂപ കിഴിച്ച് പലിശയും

പിഴപലിശയും ഒഴിവാക്കി കൊണ്ട് അവശേഷിക്കുന്ന സർക്കാർ നഷ്ടമായ 7,49,597/- രൂപ അടയ്ക്കാൻ ടിയാൻ തയ്യാറാണെന്ന് പരാമർശം (1) പ്രകാരം സർക്കാരിനെ അറിയിക്കുകയുണ്ടായി.

2) ശ്രീ.ജി.വിശ്വനാഥൻ നായരുടെ ആകെ സർക്കാർ നഷ്ട തുക 9,49,597/- രൂപയാണെന്നും ആയതിൽ നിന്നും ഹൈക്കോടതി ഉത്തരവ് പ്രകാരം ടിയാൻ അടച്ചിട്ടുള്ള രണ്ട് ലക്ഷം രൂപ കുറവ് ചെയ്ത് 7,49,597/-രൂപയാണ് ടിയാനിൽ നിന്നും ഈടാക്കാനുള്ള തുകയെന്നും ടി 7,49,597/- രൂപയ്ക്ക് 15.11.2013 മുതൽ 01.03.2018 വരെയുള്ള കാലയളവിൽ 3,89,790/-രൂപ 12% വാർഷിക പലിശ കണക്കാക്കി ആകെ 11,39,387/-രൂപയാണ് ടിയാനിൽ നിന്നും ഈടാക്കാനുള്ളതെന്നും, പെറ്റീഷണർ 67 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരൻ എന്ന പരിഗണന, കേസിന്റെ കാലപ്പഴക്കം, ടിയാന്റെ പ്രായാധിക്യം, സാമ്പത്തിക ബാധ്യത എന്നിവ പരിഗണിച്ച് മാനുഷിക പരിഗണന കൂടി കണക്കിലെടുത്ത് ശ്രീ.ജി.വിശ്വനാഥൻ നായരുടെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് പരാമർശം 2) പ്രകാരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) അറിയിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.ജി.വിശ്വനാഥൻ നായർ, 67 വയസ്സ് കഴിഞ്ഞ വ്യക്തി എന്നത് കണക്കിലെടുത്തും; കേസിന്റെ കാലപ്പഴക്കം കണക്കിലെടുത്തും; മാനുഷിക പരിഗണന നൽകി, ടിയാൻ പരാമർശം (1) അപേക്ഷയിൽ അറിയിച്ചിരിക്കുന്ന പ്രകാരം സർക്കാരിനെതിരെയുള്ള കേസുകൾ പിൻവലിക്കാമെന്ന വ്യവസ്ഥയിൽ, പലിശ തുകയായ 3,89,790/-രൂപ ഒഴിവാക്കി, സർക്കാരിലേക്ക് അടക്കുവാനുള്ള 7,49,597/- രൂപ അടച്ചു കൊണ്ട്, റവന്യൂ റിക്കവറി നടപടികൾ ഒഴിവാക്കി കേസ് തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്)-ന് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
T T SURESH
ജോയിന്റ് സെക്രട്ടറി

ശ്രീ.ജി. വിശ്വനാഥൻ നായർ, പാലയ്ക്കൽ വീട്, ആര്യങ്കാവ്.പി.ഒ പിൻ-691 309, കൊല്ലം

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ് മാനേജ്മെന്റ്), ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരള, തിരുവനന്തപുരം

ധനകാര്യ (അഗ്രി- സി) വകുപ്പ് (ഠ3.08.2023- ലെ E 2223042 അഗ്രി-സി2/111/2022-ഫിൻ പ്രകാരം)

വെബ് ആന്റ് ന്യൂ മീഡിയ വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Asha S
Date: 04-09-2023 10:40:20
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.മുഖ്യമന്ത്രിയുടെ ഓഫീസിന് / ബഹു. വനം വന്യജീവി വകുപ്പ മന്ത്രിയുടെ ഓഫീസിന് / വനം വന്യജീവി വകുപ്പ്, അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഓഫീസിന്.